www.modelquestionpapers.in

# FIRST TERM EVALUATION 2014 - 2015

## Social Science

Std. 8

Time : 2 hrs.
Score : 50

നിർദ്ദേശങ്ങൾ :

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഓരോ ചോദ്യത്തിന്റെയും സ്കോർ അതാത് ചോദ്യത്തിനു നേരെ നൽകിയിരിക്കുന്നു.

1. ബ്രസീലിന്റെ തലസ്ഥാനമായ റിയോഡിജനീറോയിൽ വെച്ച് (രേഖാംശം 43 ഡിഗ്രി പടിഞ്ഞാറ്) പകൽ രണ്ടുമണിക്ക് നടക്കുന്ന ലോകകപ്പ് ഫുട്ബാൾ മത്സരം എത്ര മണിക്കാണ് ഇന്ത്യയിൽ (82 ഡിഗ്രി 30 മിനിട്ട് കിഴക്ക്) കാണാൻ കഴിയുക? (5)

2. താഴെകൊടുത്ത പട്ടിക പൂർണ്ണമാക്കുക (3)

| സമരാത്രദിനങ്ങൾ | ഗ്രീഷ്മ അയനാന്തം | ശൈത്യഅയനാന്തം |
|---|---|---|
| 1. ................<br>2. മാർച്ച് 21 | .................. | ........................ |

3. കൃഷിക്കു പുറമേ കുട്ടനാട്ടുകാർ വേമ്പനാട്ടുകായലിനെ എങ്ങനെയെല്ലാമാണ് പ്രയോജനപ്പെടുത്തിയത്? (3)

4. പാർലമെന്റിലെ സ്പീക്കറും പ്രോട്ടേം സ്പീക്കറും തമ്മിലുള്ള വ്യത്യാസമെന്ത്? (3)

5. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഏതെല്ലാം നയങ്ങളായിരുന്നു 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിലേക്ക് നയിച്ചത്? (5)

6. '1771 - 73 ലെ ബംഗാൾ ക്ഷാമം ബ്രിട്ടീഷ് ഭരണത്തിന്റെ സൃഷ്ടിയാണ്. ഈ പ്രസ്താവനയോട് യോജിക്കുന്നുവോ? നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക. (4)

7. 'തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും കുട്ടനാടൻ കർഷകർക്ക് ഒരേ സമയം ഗുണവും ദോഷകരവുമായി തീർന്നു'. ഈ പ്രസ്താവനയുടെ സാധുത വിലയിരുത്തുക. (6)

8. കേരളനിയമസഭയുടെ ചോദ്യോത്തരവേളയിലെ നടപടികളും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഒരു കുറിപ്പ് തയ്യാറാക്കുക. (4)

9. വിവിധ രാജ്യങ്ങളിലെ ഏതാനും വിദ്യാർത്ഥികൾ ജൂലായ് മാസത്തിൽ നിങ്ങളുടെ വിദ്യാലയം സന്ദർശിച്ചു എന്ന് സങ്കല്പിക്കുക. നമ്മുടെ മഴ ആസ്വദിച്ച അവർ അവരുടെ കാലാവസ്ഥയെ എങ്ങനെയാണ് വിലയിരുത്തുക. താഴെ കൊടുത്ത പട്ടിക പൂർണ്ണമാക്കുക. (4)

| രാജ്യങ്ങൾ | അക്ഷാംശം | താപീയമേഖല | ജൂലായ് മാസത്തിലെ കാലാവസ്ഥ |
|---|---|---|---|
| ഇന്ത്യ | 23°N | ഉഷ്ണമേഖല | മഴക്കാലം |
| ദക്ഷിണാഫ്രിക്ക | 30°S | ? | ? |
| ഫിൻലാന്റ് | 60°N | ? | ? |
| ടാൻസാനിയ | 6°S | ? | ? |
| ബംഗ്ലാദേശ് | 20°N | ? | ? |

10. 'വേലക്കടം' എന്നതുകൊണ്ട് ഉദ്ദേശിച്ചതെന്ത്? (3)

11. വേമ്പനാട്ടുകായലിൽ പതിക്കുന്ന ഏതെങ്കിലും നാല് നദികളുടെ പേരെഴുതുക. (2)

12. കേരളനിയമസഭയിൽ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള രണ്ട് മുന്നണികളുടെയും പേരെഴുതുക. ഓരോ മുന്നണിയിലേയും രണ്ടു രാഷ്ട്രീയ പാർട്ടികളുടെ വീതം പേരുകളും എഴുതുക. (3)

13. 'ഇന്ത്യയിലെ നാട്ടുരാജ്യങ്ങളെ വരുതിയിൽ നിറുത്താനുള്ള കെണിയായിരുന്നു. വെല്ലസ്ലിപ്രഭു കൊണ്ടുവന്ന സൈനിക സഹായവ്യവസ്ഥ' - സമർത്ഥിക്കുക (3)

14. കോൺവാലീസ് പ്രഭു നടപ്പിലാക്കിയ ഭൂനികുതി വ്യവസ്ഥയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. (2)